No. of Printed Pages : 7

**7403**

Register Number

# Language — Part I — MALAYALAM

Time : 3.00 Hours ] [ Maximum Marks : 90

**നിർദ്ദേശങ്ങൾ :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പം ഉണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നത് കറുപ്പോ നീലയോ നിറത്തിലുള്ള മഷി ഉപയോഗിച്ചായിരിക്കണം.

**ഭാഗം - I**

**എല്ലാ** ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **14x1=14**

Choose the right answer and answer **all** the questions.

**1.** ഏതു ഋതുവിലാണ് വിണ്ണിന്നകിടു കനത്തത് ?

(a) ആടി (b) വസന്തകാലം (c) ശിശിരം (d) ശരത്കാലം

**2.** ആരെയാണ് ജാനകി എന്നു വിശേഷിപ്പിക്കുന്നത് ?

(a) ഗാന്ധാരി (b) സീത (c) ദമയന്തി (d) കുന്തി

**3.** ആദ്യത്തെ ജ്ഞാനപീഠ പുരസ്കാരം നേടിയ കവി ?

(a) ഒ.എൻ.വി. കുറുപ്പ് (b) ജി. ശങ്കരക്കുറുപ്പ്

(c) സുഗത കുമാരി (d) എം.ടി. വാസുദേവൻ നായർ

**4.** വിഷുക്കാലമായാൽ പൂക്കാതിരിക്കാൻ എനിക്കാവില്ല എന്നു പറയുന്നത് ?

(a) ചെമ്പകം (b) മുല്ല (c) പിച്ചി (d) കണിക്കൊന്ന

**5.** 'സ്വീകരിക്കാൻ പുറത്തു വരാത്തതിൽ ക്ഷമിക്കൂ. ഞാൻ ഒരിക്കലും പുറത്തു വരാറില്ല എന്നറിയാമല്ലോ' — ഇങ്ങനെ പറഞ്ഞതാര് ?

(a) ഗാന്ധാരി (b) കുന്തി (c) ഭീമൻ (d) ധൃതരാഷ്ട്രർ

[ Turn over

6. അരോഗാവസ്ഥ എന്ന സ്വാഭാവികതയെ നിലനിറുത്താൻ വ്യക്തികളെയും സമൂഹത്തെയും സഹായിക്കേണ്ടത് ആര് ?

(a) ശാസ്ത്രജ്ഞൻ (b) കവി (c) ഡോക്ടർ (d) ലേഖകൻ

7. താഴെപ്പറയുന്നവയിൽ ഏതാണ് അന്യരെ ചൂഷണം ചെയ്തു ജീവിക്കുന്നവരെ പരാമർശിക്കുന്ന പ്രയോഗം ?

(a) മുതലക്കണ്ണീർ (b) ഭഗീരഥ പ്രയത്നം

(c) ഓന്തിനെപ്പോലെ നിറം മാറുക (d) ഇത്തിൾക്കണി

8. മനുഷ്യേതര ജീവികളിൽ നടക്കുന്ന ആശയ വിനിമയ പ്രക്രിയ ഏതാണ് ?

(a) അന്യഭാഷ (b) മൃഗഭാഷ (c) ആംഗ്യഭാഷ (d) നാട്ടുഭാഷ

9. പുഞ്ചിരിക്കാൻ കഴിയാതെ കുഞ്ഞിമോന്റെ അടിമയായി തീർന്നതാര് ?

(a) ചെകുത്താൻ (b) യജമാനൻ (c) അലക്കുകാരൻ (d) യജമാനത്തി

10. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കഥാകാരൻ :

(a) തകഴി ശിവശങ്കരപ്പിള്ള (b) വൈക്കം മുഹമ്മദ് ബഷീർ

(c) കേശവദേവ് (d) ഒ.വി. വിജയൻ

11. വർണ്യത്തിലാശങ്ക തോന്നുന്ന അലങ്കാരം :

(a) ഉൽപ്രേക്ഷ (b) ഉപമ (c) ദീപകം (d) രൂപകം

12. രം നരം ല ഗുരു എന്ന ഗണവ്യവസ്ഥയുള്ള വൃത്തം :

(a) ഇന്ദ്രവജ്ര (b) വസന്തതിലകം (c) ഉപേന്ദ്രവജ്ര (d) രഥോദ്ധത

13. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദമേത് ?

(a) വാർദ്ധ്യകം (b) വാർത്തക്യം (c) വാർത്ഥക്യം (d) വാർദ്ധക്യം

14. പലതുള്ളി പെരുവെള്ളം എന്ന പ്രയോഗം ഏതു വിഭാഗത്തിൽ പെടുന്നു ?

(a) കടങ്കഥ (b) പഴഞ്ചൊല്ല് (c) സംസാരഭാഷ (d) ശൈലി

## ഭാഗം - II

### വിഭാഗം - 1

**ഏതെങ്കിലും മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **3x2=6**

Answer **any three** questions.

**15.** ''നിഷ്ഫലമല്ലീ ജന്മം, തോഴ,

നിനക്കായ് പാടുമ്പോൾ''

(a) ഏതു പദ്യത്തിലെ വരികളാണിത് ?

(b) ഇതെഴുതിയ കവി ആരാണ് ?

**16.** ''നളിനാസന വരവാഹന ! നീ മമ

നളനൃപഗുണഗണമോതുകെടോ''

(a) ഇതെഴുതിയ കവി ആരാണ് ?

(b) ഏതു പദ്യത്തിലെ വരികളാണിത് ?

**17.** എഴുത്തച്ഛനെ കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത് ?

**18.** സച്ചിദാനന്ദന്റെ ഏതെങ്കിലും രണ്ട് കൃതികളുടെ പേരെഴുതുക.

### വിഭാഗം - 2

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **2x2=4**

Answer **any two** questions.

**19.** പച്ചയോടുള്ള അനുഭവം എന്ന് ലേഖകൻ ഉദ്ദേശിക്കുന്നത് എന്താണ് ?

**20.** എന്താണ് ദാശരാജാവ് ശന്തനുവിനോട് പറഞ്ഞ നിബന്ധന ?

**21.** മനുഷ്യനെ വായനക്കാരനും എഴുത്തുകാരനുമാക്കുന്നതെന്താണ് ?

## വിഭാഗം - 3

**ഏതെങ്കിലും ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക. 7x2=14

Answer **any seven** questions.

**22.** ഏതെങ്കിലും രണ്ട് കടങ്കഥ ഉത്തര സഹിതം എഴുതുക.

**23.** വാക്യത്തിൽ പ്രയോഗിക്കുക.

(a) ഉത്തരവാദിത്വം

(b) ശ്രമകരം

**24.** എതിർലിംഗമെഴുതുക.

(a) തനയൻ

(b) നായിക

**25.** പിരിച്ചെഴുതുക.

(a) താമരയില

(b) ചന്ദനപ്പലക

**26.** ചേർത്തെഴുതുക.

(a) വിഷു + കാലം

(b) കൈ + അക്ഷരം

**27.** വാക്യദോഷം പരിഹരിക്കുക.

(a) കുട്ടികൾ തമ്മിൽ പരസ്പരം കലഹിക്കരുത്.

(b) കാപ്പിയോ അഥവാ ചായയോ കുടിക്കാം.

**28.** ഒറ്റപ്പദമാക്കുക :

(a) പൂവിന്റെ മണം

(b) സ്നേഹത്തോടു കൂടി

**29.** അർത്ഥമെഴുതുക.

(a) അരചൻ

(b) അവനി

**30.** വിപരീതപദമെഴുതുക.

(a) വിവേകം

(b) ക്ഷമ

## ഭാഗം - III

### വിഭാഗം - 1

**ഏതെങ്കിലും രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**

Answer **any two** questions.

**31.** മരമോ മരാശാരി എന്ന് പെരുന്തച്ചൻ ചിന്തിക്കാനിടയായ സാഹചര്യം വ്യക്തമാക്കുക.

**32.** ധൃതരാഷ്ട്രർ മോഹാലസ്യപ്പെടാൻ കാരണമെന്ത് ?

**33.** എന്തിനോടൊക്കെയാണ് അമ്മ പൊരുതിയത് ?

**34.** 'ശരി ! പാവയോയിവൾ' എന്ന് സീത ചോദിക്കാൻ കാരണമെന്ത് ?

### വിഭാഗം - 2

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. **2x4=8**

Answer **any two** questions.

**35.** സംഗീതാസ്വാദനത്തിന്റെ രുചിഭേദങ്ങളിൽ സാംസ്കാരികമായ സ്വാധീനം നിലനിൽക്കുന്നത് എന്തുകൊണ്ടാണ് ?

**36.** ആശയ വിനിമയ പ്രക്രിയ പൂർണമാകുന്നത് എങ്ങനെയാണ് ?

**37.** കൊച്ചു ഭീമൻ അർദ്ധനിദ്രയിൽ നിശബ്ദമായി പ്രാർത്ഥിച്ചതെന്ത് ?

**38.** കുടുംബ ഡോക്ടർ എന്ന സങ്കല്പത്തെക്കുറിച്ച് ലേഖിക പറയുന്നതെന്തെല്ലാം ?

### വിഭാഗം - 3

**ഏതെങ്കിലും മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക. **3x4=12**

Answer **any three** questions.

**39.** യോജിപ്പിക്കുക.

| | | | |
|---|---|---|---|
| (a) | ചിന്താവിഷ്ടയായ സീത | – | ജി. ശങ്കരക്കുറുപ്പ് |
| (b) | അമ്മ | – | എഴുത്തച്ഛൻ |
| (c) | പെരുന്തച്ചൻ | – | കുമാരനാശാൻ |
| (d) | വിദുരോപദേശം | – | സച്ചിദാനന്ദൻ |

**40.** വായനാശീലം വിദ്യാർത്ഥികളിൽ എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസം തയ്യാറാക്കുക.

**41.** നിങ്ങൾ കണ്ട ഒരു സിനിമയ്ക്ക് ആസ്വാദനം എഴുതുക.

**42.** പരാവർത്തനം ചെയ്യുക.

വിത്തു നന്നായാൽ വിളവു നന്നാം ഗുണ-
മെത്താത്ത പാഴ്കണ്ടത്തിങ്കൽ പോലും
ഉത്തമമായ നിലത്തു വീഴും വിത്തു
സത്തല്ലെന്നാലും ഫലം നന്നാവാം.

**43.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

നിത്യ ജീവിതത്തിലെ ആവർത്തനവിരസതയിൽ നിന്നു രക്ഷനേടാൻ സഹായിക്കുന്നവയാണ് വിനോദങ്ങൾ. വിനോദങ്ങൾ രണ്ടു തരത്തിലുണ്ട്. ബുദ്ധി-വികാസത്തിനും വിജ്ഞാനസമ്പാദനത്തിനും ഉപകരിക്കുന്നവയും അല്ലാത്തവയും. വിജ്ഞാന സമ്പാദനത്തിനു കൂടി ഉപകരിക്കുന്ന ഒരു വിനോദമാണ് വായന. വായിക്കുന്നവൻ വളരും, വായിക്കാത്തവൻ തളരും എന്നാണ് കുട്ടികളുടെ പ്രിയപ്പെട്ട കവിയായ കുഞ്ഞുണ്ണി മാഷിന്റെ അഭിപ്രായം. ചുറ്റുപാടുകളെയും ലോകത്തെത്തന്നെയും ഉൾക്കൊള്ളുന്ന വിപുലമായ വായനയെയാണ് വളരാനുള്ള വായന കൊണ്ടുദ്ദേശിക്കുന്നത്. ശരീരത്തിന്റെ ആരോഗ്യത്തിന് ഭക്ഷണം എന്നപോലെ മനസ്സിന്റെ ആരോഗ്യത്തിന് വായനയും അത്യാവശ്യമാണ്.

(a) നിത്യ ജീവിതത്തിലെ ആവർത്തന വിരസതയിൽ നിന്നും രക്ഷ നേടാൻ സഹായിക്കുന്നത് എന്ത് ?

(b) കുഞ്ഞുണ്ണി മാഷുടെ അഭിപ്രായമെന്ത് ?

(c) വളരാനുള്ള വായന കൊണ്ടുദ്ദേശിക്കുന്നതെന്ത് ?

(d) മനസ്സിന്റെ ആരോഗ്യത്തിന് അത്യാവശ്യമായതെന്ത് ?

## ഭാഗം - IV

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. **3x6=18**

Answer **all** the questions.

**44.** (a) 'സമാനഹൃദയ, നിനക്കായ് പാടുന്നേൻ' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(b) 'ചിന്താവിഷ്ടയായ സീത' എന്ന കവിതയെ ആസ്പദമാക്കി സീതയുടെ ചിന്തകൾ ചുരുക്കി എഴുതുക.

**45.** (a) ശൈലികൾക്കും പഴഞ്ചൊല്ലുകൾക്കും തമ്മിലുള്ള വ്യത്യാസം ഉദാഹരണ സഹിതം വ്യക്തമാക്കുക.

**അല്ലെങ്കിൽ**

(b) ചെടികളിൽ മനുഷ്യ വികാരങ്ങൾ പ്രവർത്തിക്കുന്നത് മാർസൽ പൊറഗൽ എന്ന ശാസ്ത്രജ്ഞൻ തെളിയിച്ചതെങ്ങനെ ?

**46.** (a) 'കടൽത്തീരത്ത് ' എന്ന കഥ ചുരുക്കിയെഴുതുക.

**അല്ലെങ്കിൽ**

(b) കുടുംബത്തിന് വേണ്ടി കഷ്ടപ്പെടുന്ന ഒരു അമ്മയുടെ ദൈന്യ ചിത്രമാണ് കോലാട് എന്ന കഥയിൽ കഥാകാരി വരച്ചു കാട്ടുന്നത് – നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

**ഭാഗം - V**

പദ്യഭാഗം പൂരിപ്പിക്കുക. **1x6=6**

Complete the Poem.

**47.** (a) എവിടെന്റെ ഹരിതങ്ങളെല്ലാം മറഞ്ഞു

..................................................................

മായുമ്പൊഴെവിടെ നിന്നെവിടെ നിന്നണയുന്നു.

**അല്ലെങ്കിൽ**

(b) സഞ്ജയൻ ചൊന്നതു കേട്ട ധൃതരാഷ്ട്ര-

..................................................................

താപം കെടുപ്പാൻ തളിച്ചു സലിലവും

**- o O o -**